# Manjurangum Raavil - A short story

By Babu Jacob Nadayil, New York

## മഞ്ഞുറങ്ങും നിലാവിൽ

(Babu Jacob Nadayil, New York)

മഞ്ഞുറങ്ങും നിലാവിൽ ( ഒരു ക്രിസ്തുമസ് ഉപഹാരം )

തിരക്കേറിയ ഒരു ഇന്റർനാഷണൽ കമ്പനിയുടെ CEO ആണ് **Mr.Anto Antony**, 28 years. വിവാഹിതൻ, ഒരു വയസ്സായ മകളുണ്ട്, പേര് മരിയ . Miami (Florida) യിലെ ഓഫീസിൽ നിന്നും 70 mile ദൂരെ Toyona എന്ന ടൌണിൽ കുടുംബമായി താമസിയ്ക്കുന്നു .

കഥ തുടങ്ങുന്നത് ഒരു Christmas Eve നാണ്.

തെരക്കിട്ടു അന്നത്തെ ജോലി-കാര്യങ്ങൾ എല്ലാം പെട്ടെന്ന് തീർത്തിട്ടു ഓഫീസിൽ നിന്നും നേരത്തെ ആന്റോ വീട്ടിലേയ്ക്ക് പുറപ്പെട്ടു . പോകുന്ന വഴി മരിയമോൾക്കിഷ്ടമുള്ള ഒരു Fruit Cake വാങ്ങിക്കൊണ്ടു വേണം പോകാൻ . മിയാമി പട്ടണത്തിലെ stop & go ട്രാഫിക്കിൽ പെട്ട് ഒച്ചിന്റെ വേഗത്തിൽ മാത്രമാണ് വാഹനങ്ങൾ നീങ്ങുന്നത് . Christmas Eve അല്ലേ, പറഞ്ഞിട്ടെന്തു കാര്യം. ഒരു പതിനഞ്ചു മൈൽ drive ചെയ്തു , സിറ്റിയിലെ തെരക്കുള്ള ഭാഗം കഴിഞ്ഞു . Crescent Street ലെ ജംക്ഷനിൽ Train പോകുന്ന overpass ന്റെ അടിയിലത്തെ traffic light കടന്നു പോകുവാൻ കാത്തു നിൽക്കുമ്പോൾ ഒരു Christmas Caroling Group വഴി കുറുകെ കടക്കുന്നത് കാണുന്നു . Santa Calus ഉം കുട്ടികളും കൂടി 10-15 പേർ അടങ്ങുന്ന ഒരു ഗായക സംഘം ! വഴിയ്ക്ക് അപ്പുറെയുള്ള വീട്ടിലേയക്ക് ആണ് അവരുടെ നടത്തം .
വീട്ടുകാർ കതകു തുറക്കുന്നതിനു മുമ്പേ കരോൾ പാർട്ടിയിൽ ഉൾപ്പെട്ട ഒരാൾ ഡ്രം അടിയ്ക്കുന്നു ...ഡും ! ഡും ! ഡും ! വീട്ടുകാരൻ കതകു തുറക്കുന്നതോടൊപ്പം, പാട്ടുകാർ Christmas പാട്ടും തുടങ്ങി ....

രാജാവിൻ രാജാവെഴുന്നള്ളുന്നു, ദേവന്റെ ദേവൻ എഴുന്നള്ളുന്നു ......

വഴിയ്ക്കപ്പുറെ ഒരു ബേക്കറിയും അതിനു മുമ്പിൽ വണ്ടി പാർക്ക് ചെയ്യാൻ സൌകര്യവും കണ്ടു Anto വഴി cross

ചെയ്തു. സാവധാനം തന്റെ BMW കാർ പാർക്ക് ചെയ്തിട്ട് ബേക്കറിയിലേയ്ക്ക് നടന്ന ആന്റോയുടെ മനസ്സ് തന്റെ ചെറുപ്പകാലത്തെ Christmas ആഘോഷങ്ങളുടെ ഓർമ്മകളിലേയ്ക്ക് ചിറകു വിരിച്ചു പറന്നു പോയി ....

താൻ കടന്നു പോന്ന ദുരിതപൂരിതമായ ജീവിത പന്ഥാവുകൾ ! ഓർമ്മകളിലൂടെ ഒന്ന് തിരിഞ്ഞു നടന്ന ആന്റോയ്ക്ക് വിശ്വസിക്കാനാവുന്നില്ല; താനെങ്ങനെ ....എങ്ങനെ ...എങ്ങനെ ...ഇവിടം വരെയെത്തി ???

അപ്പന്റെ ആദ്യ വിവാഹത്തിലുണ്ടായ മോനാണ് താനെന്നു ആന്റോയ്ക്ക് ആദ്യമൊന്നും അറിയില്ലായിരുന്നു. മാലിമാ എന്നു താൻ സ്നേഹത്തോടെ വിളിച്ചിരുന്ന അമ്മ തന്റെ സ്വന്തമല്ലായിരുന്നെന്നും . എന്നാൽ കാലം അറിവിന് കരുത്തേകിയപ്പോൾ , അനുഭവങ്ങൾ അറിവിന് കൂട്ടായപ്പോൾ എല്ലാം തിരിച്ചറിഞ്ഞു .

ട്രെയിലർ ഡ്രൈവറായ , മുഴുക്കുടിയനായ അപ്പനും , തന്തോന്നിയായ രണ്ടാം ഭാര്യയും തമ്മിലുള്ള വഴക്കും , അടി-കലശലും എല്ലാം വീട്ടിലെ നിത്യ സംഭവം. ആകെയൊരാശ്വാസം ആൻസിയെന്ന തന്റെ കൊച്ചു പെങ്ങളുടെ കളിയും, ചിരിയും, 'ആണ്ടു ചേട്ടാ' എന്നുള്ള കൊഞ്ചക്കമാർന്ന വിളിയും , സ്നേഹ ചുംബനങ്ങളും മാത്രം. ഇന്നും അവൾ , താൻ ജീവന് തുല്യം സ്നേഹിച്ചിരുന്ന തന്റെ കുഞ്ഞു പെങ്ങൾ , കൊഞ്ചിയ ചിരിയുമായി അതേ പ്രായത്തിൽ , അതേ ആൾരൂപത്തിൽ തന്റെ ഉള്ളിൽ നിറഞ്ഞു നിൽക്കയാണ് .
അന്നൊരുനാൾ , ക്രിസ്തുമസ് ദിനം ...താനവസാനമായി കുഞ്ഞുപെങ്ങളെ കണ്ടു പിരിയേണ്ടിവന്ന ആ ദുർദ്ദിനം ! ഇന്നെന്ന പോലെ Anto ഓർത്തു . തനിയ്ക്ക് 8 വയസ്സാകുന്നതെയുള്ളൂ ...ആൻസി മോൾക്ക് നാലും . Anto വെള്ളമെടുക്കാൻ തുറന്ന Fridge ൽ ഇരുന്ന, അപ്പൻ വാങ്ങി വച്ചിരുന്ന Christmas Cake, ആൻസി മോൾ വലിച്ചു താഴ്യിട്ടു പൊടിയാക്കി ...അവൾ കുനിഞ്ഞു കിടന്നു തറയിൽ നിന്നും കേക്കിന്റെ പൊടി കൊതിയോടെ നക്കി തിന്നുന്നതും നോക്കി നിന്ന Anto യുടെ പുറത്തു വീണ ബെൽറ്റ് കൊണ്ടുള്ള അടിയുടെ നൊമ്പരം ഇന്നും ഓർക്കുന്നു ...തിരിഞ്ഞു നോക്കുമ്പോൾ അടുത്ത അടിയുമായി വരുന്നു മാലിമാ ....അന്നെനിയ്ക്ക് പൊതിരെ കിട്ടി ..പേടിച്ചു എങ്ങലടിച്ച് കരഞ്ഞ ആൻസി മോൾക്കും കിട്ടി കുറെ . ഒരമ്മയ്ക്ക് എങ്ങിനെ തന്റെ കുഞ്ഞിനെ ഇങ്ങിനെ തല്ലാനാവും .....Anto കേക്ക് കട്ട് തിന്നാൻ ശ്രമിച്ചപ്പോൾ താഴെ വീണതായിരുന്നെന്നായിരുന്നു മാലിമായുടെ വാദം . അടി കിട്ടിയതിന്റെ സങ്കടത്തെക്കാൾ അധികം തന്റെ കുഞ്ഞു പെങ്ങൾക്കിഷ്ട്ടപെട്ട കേക്ക് അവൾക്കു തിന്നാൻ പറ്റിയില്ലല്ലോ എന്ന സങ്കടമാണ് ഇന്നും .( അതിൽ പിന്നെ അങ്ങനെയൊരു കേക്ക് ആൻസി മോൾക്ക് വാങ്ങി കൊടുക്കണമെന്ന മോഹം ഇന്നും ഉള്ളിൽ ഉൽക്കടമാണ് ). അന്ന് രാത്രി പുറത്തു പോയിരുന്ന അപ്പൻ കൂട്ടുകാരുമൊത്ത് ക്രിസ്തുമസ് ആഘോഷിച്ചു തല നേരെ നിർത്താനാവാതെ ആടിക്കുഴഞ്ഞു വീട്ടിലെത്തിയപ്പോൾ അവൾ കേക്ക് തള്ളിയിട്ട കാര്യവും ആണ്ടുച്ചേട്ടനെ മമ്മാ തല്ലിയ കാര്യവും ആൻസി മോൾ അപ്പനെ പറഞ്ഞു കേൾപ്പിച്ചു . മാലിമായെ അപ്പൻ നേരിട്ടു...ശരിയ്ക്കും അന്ന് എടുത്തു പെരുമാറി . അവർ വിളിച്ചു പുലമ്പിയ കാര്യങ്ങളിൽ നിന്നാണ് മനസ്സിലായത് കഥയെല്ലാം ...തന്റെ അമ്മ കാറപകടത്തിൽ മരിച്ചുവെന്നും പിന്നീട് മാലിമായെ ട്രെയിലർ ഓടിച്ചു പോയ റൂട്ടിൽ പരിചയപ്പെട്ടു കൂടെ കൂടിയതാണെന്നും ...ആ ബന്ധത്തിൽ ഉണ്ടായ മകളാണ് ആൻസി മോളെന്നും തുടങ്ങി ഒത്തിരി ഒത്തിരി കാര്യങ്ങൾ ....Anto അവന്റെ അമ്മയുടെ കഥയും തന്നോടുള്ള മാലിമായുടെ വെറുപ്പിനെ പറ്റിയും ഒക്കെ കേട്ടപ്പോൾ മുതൽ ഇനി വീട്ടിൽ നിന്നിട്ട് രക്ഷയില്ല എന്നു തോന്നി . അന്ന് രാത്രി രണ്ട് നിക്കറും ഉടുപ്പും പൊതിഞ്ഞു കെട്ടി വീട്ടിൽ നിന്നും ഇറങ്ങി ഓടി പോന്നതാണ് .

വീട്ടിൽ നിന്നും ഇറങ്ങി പോന്ന ആന്റോയെ ആരും തെരക്കി വന്നില്ല , സ്വന്തം അപ്പൻ പോലും. മദ്യത്തിന്റെ കെട്ടു തലയ്ക്കുള്ളിൽ നിന്നും ഒന്ന് മാറിയിട്ട് വേണ്ടേ മക്കളെപ്പറ്റി ചിന്തിയ്ക്കാൻ. രണ്ടാം ക്ലാസ്സുകാരനായ ആന്റോ സ്കൂളിൽ ഇടയ്ക്കിടെ മാത്രമേ പോയിരുന്നുള്ളൂ . ചെല്ലാതിരിയ്ക്കുമ്പോൾ സ്കൂളിൽ നിന്നും വിളിച്ചാൽ 'അവനു സുഖമില്ലാ' എന്ന് മാലിമ മറുപടിയും കൊടുക്കും . അപ്പനിതൊന്നും അന്വേഷിയ്ക്കാൻ തക്ക ബോധം ഒരിയ്ക്കലുമില്ലായിരുന്നു . വീടുവിട്ടിറങ്ങിയ രാത്രിയിൽ അവൻ അടുത്തുള്ള underground ട്രെയിൻ സ്റ്റേഷനിൽ എത്തി ഒരു ഇരുണ്ട കോണിലിരുന്നു നേരം വെളുപ്പിച്ചു . Homeless ആൾക്കാർ രാപാർക്കുന്ന ദുർഗന്ധം നിറഞ്ഞ സ്ഥലം. പിറ്റേന്ന് രാവിലെ സ്റ്റേഷനിൽ യാത്രക്കാർ തിങ്ങിനിറഞ്ഞ സമയം നോക്കി ആന്റോയും അവർക്കിടയിലൂടെ അകത്തു കടന്നു ട്രെയിനിൽ കയറിപ്പറ്റി . കുറെ സമയത്തിനു ശേഷം എവിടെയോ ട്രെയിൻ

നിർത്തിയപ്പോൾ അടുത്ത പ്ലാട്ഫോമിൽ വന്ന മറ്റൊരു ട്രെയിനിൽ കയറി കുറെ യാത്ര ചെയ്തു ഒരു സ്റ്റോപ്പിൽ ഇറങ്ങി . നന്നേ വിശക്കുന്നുണ്ടായിരുന്നു ...തെരക്ക് പിടിച്ച വഴിയോരത്ത് കണ്ട ഒരു തട്ടുകടക്കാരന്റെ അടുത്തു ചെന്ന് കൈ നീട്ടിയിട്ട് : 'I am hungry' എന്നു പറഞ്ഞപ്പോൾ തട്ടുകടക്കാരൻ : 'who are you? Where are you from ? എന്നൊക്കെ ചോദിച്ചെങ്കിലും ആന്റോ ഒന്നും മിണ്ടിയില്ല . അല്പനേരത്തിനു ശേഷം അയാൾക്ക് ദൈന്യത തോന്നി ഒരു Hot Dog ബണ്ണിലാക്കി അവനു കൊടുത്തു . വിശന്നു പൊരിഞ്ഞ ആന്റോ അത് വേഗം അകത്താക്കിയിട്ട് thanks എന്നു പറഞ്ഞു നടന്നകന്നു . വഴിയരികിൽ കണ്ട water tap ൽ നിന്നും ഒരു കവിൾ വെള്ളവും അകത്താക്കി . അങ്ങിനെ അന്ന് മുതൽ അവൻ മറ്റുള്ളവരുടെ മുൻപിൽ കൈ നീട്ടാനും ഭക്ഷണത്തിനുള്ള വക നേടാനും പഠിച്ചു . മാസങ്ങൾ കടന്നു പോയതിനിടെ Run Away കളായി വഴിയിൽ അലഞ്ഞു നടന്നിരുന്ന ഏതാനും കുട്ടികളെയും അവൻ പരിചയപ്പെട്ടു . അവരുമായി കൂട്ട് കൂടിയും ഭക്ഷണത്തിനുള്ള ചില്ലറ വഴിപോക്കരോട് ചോദിച്ചു വാങ്ങിയും ദിവസങ്ങൾ നീങ്ങി . രാത്രിയിൽ homeless ആൾക്കാരോടൊപ്പം കഴിയാനും ഉറങ്ങാനും അവൻ അഭ്യസിച്ചു .

ഒരു ദിവസം സന്ധ്യ ആകാറായി വരുന്ന സമയം തെരുവിലെ മരച്ചുവട്ടിൽ ആന്റോ ഇരിയ്ക്കുമ്പോൾ അടുത്തെവിടെയോ ദേവാലയത്തിന്റെ ക്ലോക്ക് റൂമിൽ നിന്നും ഠിം ..ഠിം ..ഠിം എന്ന മണിനാദം ...തെരുവിന്റെ ഒരു സൈഡിൽ നിന്നും ശുഭ്രവസ്ത്ര ധാരിയായ ഒരു കന്യാസ്ത്രീ കടന്നു വരുന്നു...ക്ഷീണിതയാണവർ . Oh Lord ! എന്നു പറഞ്ഞു മണിനാദം കേട്ടതിനു പ്രതികരണമെന്നോണം അവർ കുരിശു വരച്ചു. തോളത്തു തൂക്കിയിട്ടിരുന്ന തുണിസഞ്ചി വഴിയരികിലെ ചാരുബഞ്ചിൽ വച്ചിട്ടു കന്യാസ്ത്രീ അവിടിരുന്നു. സഞ്ചിയിൽ നിന്ന് ഒരു പഴമെടുത്തു പൊളിയ്ക്കുന്നു. എങ്ങുനിന്നോ രണ്ട്-മൂന്ന് street boys പെട്ടെന്ന് ഓടിവന്നിട്ട് കന്യാസ്ത്രീയുടെ തുണിസഞ്ചിയും തട്ടിയെടുത്തുകൊണ്ട് ഒരോട്ടം. ആന്റൊയ്ക്കത് കണ്ടിട്ട് സഹിച്ചില്ല. വഴിയുടെ മറുവശത്തെ മരച്ചുവട്ടിലിരുന്ന ആന്റോ അവരുടെ പിറകെ കന്യാസ്ത്രീയുടെ സഞ്ചി തിരികെപ്പിടിയ്ക്കുവാൻ വഴിയ്ക്ക് കുറുകെ ഓടുന്നു . പെട്ടെന്ന് എല്ലാം കഴിഞ്ഞു....ഇരമ്പി പാഞ്ഞു വന്ന ഒരു കറുത്ത ബെൻസ് കാർ ആന്റൊയെ ഇടിച്ചു തെറിപ്പിച്ചു . കാർ sudden break ചെയ്തു സൈഡിൽ മാറ്റി നിർത്തുന്നു . ഇതെല്ലാം കണ്ടു നിന്ന കന്യാസ്ത്രീ ചങ്കിൽ കൈ വച്ചു കരഞ്ഞു കൊണ്ട് എഴുന്നേറ്റോടി ചോരയിൽ കുളിച്ചു റോഡിന്റെ നടുവിൽ കിടന്ന ആന്റൊയെ വലിച്ചിഴച്ചു റോഡ് സൈഡിലേയ്ക്ക് മാറ്റുന്നു . ബെൻസ് കാറിൽ വന്ന ധനികനെന്നു തോന്നിയ്ക്കുന്ന ഒരാൾ അടുത്തേയ്ക്ക് വന്നു കന്യാസ്ത്രീയുമായി സംസാരിയ്ക്കുന്നു. രണ്ടുപേരും കൂടി ആന്റൊയെ കാറിൽ കയറ്റി അടുത്തുള്ള ആശുപത്രിയിലെത്തിയ്ക്കുന്നു . തലയ്ക്കു ക്ഷതമേറ്റ ആന്റോ ദീർഘനാൾ ആ ആശുപത്രിയിലെ തീവ്ര പരിചരണ (I.C.U) വിഭാഗത്തിലായിരുന്നു . അവന്റെ ചികിത്സയ്ക്കുള്ള സർവ ചിലവുകളും കാറുകാരൻ ഏറ്റെടുത്തു നടത്തി . ആശുപത്രിയിൽ ആന്റൊയെ പരിചരിയ്ക്കാൻ ആ കന്യാസ്ത്രീ മാത്രം എത്തിക്കൊണ്ടിരുന്നു . മാസങ്ങൾക്ക് ശേഷം ആന്റൊയ്ക്ക് വീട്ടിൽ പോകാമെന്നായി . പക്ഷെ എങ്ങോട്ട് പോകാൻ ! ഒടുവിൽ കന്യാസ്ത്രീ അവരുടെ ചുമതലയിൽ നടത്തിവരുന്ന അനാഥാലയത്തിലെയ്ക്ക് ആ ധനികന്റെ അറിവോടെ കൊണ്ടുപോകുന്നു . **അയാൾക്ക് മക്കളായി ഒരു മകൾ മാത്രം .** അയാളുടെ സാമ്പത്തിക സഹായത്തോടെ ആന്റോ ആ അനാഥാലയത്തിൽ വളരുന്നു, സ്കൂൾ പഠനം നടത്തുന്നു .....തലച്ചോറിനു ഏറ്റ ക്ഷതത്താൽ ആന്റോ തന്റെ ഭൂതകാലമാകെ ഒരു പുക പോലെ ഓർമ്മിയ്ക്കുന്നുള്ളുവെങ്കിലും തന്റെ കുഞ്ഞുപെങ്ങളെ , ആൻസി മോളെ , മന: കണ്ണാടിയിൽ അവനെന്നും കാണും , ഓർമ്മയിൽ താലോലിയ്ക്കും ...

ആന്റോ പഠിയ്ക്കാൻ അതിസമർത്ഥനായിരുന്നു . പഠിച്ച് അവനൊരു കമ്പ്യൂട്ടർ എൻജിനീയർ ആയി . അവന്റെ രക്ഷകർത്താക്കൾ ആ കന്യാസ്ത്രീയും ധനികനായ ആ മനുഷ്യനും . അവന്റെ വിവാഹത്തിനും അവർ മുന്കൈയ്യെടുത്തു വിവാഹം നടത്തി ...ഒരു മോൾ ജനിച്ചു ....മരിയമോൾ !!!

പരിസരം മറന്നു ഓർമ്മയുടെ കടലിൽ ആണ്ടുപോയ ആന്റോ ...'excuse me' എന്നാരോ പറയുന്നത് കേട്ടാണ് പരിസരബോധത്തിലെത്തിയത് . നോക്കുമ്പോൾ കരോൾ പാടി നടന്ന group നു ഒരാളുടെ വീട്ടു നമ്പർ കണ്ടുപിടിയ്ക്കാനാവാതെ വന്നിട്ട് ബേക്കറിയുടമയോട് ചോദിയ്ക്കാനെത്തിയിരിയ്ക്കയാണ് . എന്താ നമ്പർ , എന്താ പേര് ? എന്നൊക്കെ ബേക്കറിക്കാരൻ ചോദിച്ചപ്പോൾ , 99/3 Apartment 7 , പേര് ആൻസി ആന്റണി . മരിയമോൾക്ക് വേണ്ടി വാങ്ങിയ കേക്കിന്റെ വില വച്ചുനീട്ടിയ ആന്റോയുടെ കയ്യിൽ നിന്നും ഡോളർ നോട്ടുകൾ

അപ്പാടെ താഴേയ്ക്ക് . അവൻ ഞെട്ടിപ്പോയി ആ പേര് കേട്ടപ്പോൾ . അവന്റെ കയ്യിൽ കിട്ടിയ കേക്കിലെയ്ക്ക് അവൻ നോക്കി ....അതൊരു മുഖക്കണ്ണാടിയായി മാറിയിരിയ്ക്കുന്നു ....ആ കണ്ണാടിയിൽ അവന്റെ കുഞ്ഞുപെങ്ങൾ !!! ആൻസി മോളുടെ മുഖം തെളിഞ്ഞു നിൽക്കുന്നു .... അവൻ തല ഒന്ന് ശരിയ്ക്കു കുടഞ്ഞു ...ബോധം തിരിച്ചു കിട്ടാൻ ....കേക്കുമായി അവൻ ആ കാരോൾ ഗ്രൂപ്പിന്റെ കൂടെ കൂടി ...അവരെ പിൻതുടർന്നു ആൻസി ആന്റണിയുടെ വീട്ടിലേയ്ക്ക് .....

പാട്ടുകാർ ചെന്ന വീട്ടിലെ sitting റൂമിലെ ചെറിയ മേശയിൽ ചില ഫോട്ടോകൾ ആന്റോ പിറകിൽ നിന്ന് ദർശിച്ചു ...സുന്ദരിയായ ഒരു Nursing Graduate ന്റെ graduation photo... അതിനടുത്തു ഒരു ചെറിയ ഫോട്ടോയിൽ SNOW വീണു കിടന്ന സമയത്ത് വെളിയിൽ വച്ചെടുത്ത ഒരു കുടുംബ ഫോട്ടോ ....

പാട്ടുകാർ പാട്ട് പാടിത്തുടങ്ങി ....

മഞ്ഞുറങ്ങും പൂനിലാവിൽ , കുഞ്ഞു വന്നു വെൺ - നിലാവിൽ ......

ആൾക്കാർ ഡ്രം അടിച്ചു , ചിലങ്കയടിച്ചു ....കയ്യടിച്ചു ......ആകെ താളമേളം .....സന്തോഷത്തിമിർപ്പ് !!!

വീടിന്റെ മുറിയ്ക്കുള്ളിൽ നിന്നും ഒരു 22-24 വയസ്സ് തോന്നിയ്ക്കുന്ന ഒരു യുവതി , ഒരു പ്ലേറ്റിൽ ചോക്കലേറ്റ് മിഠായിയുമായി ഇറങ്ങി വന്നു ....ആന്റോയ്ക്ക് തല പെരുക്കുന്നതു പോലെ ...തടിവെട്ടിയിടുംപോലെ ആന്റോ നിലത്തു വീണു ...കയ്യിലിരുന്ന കേക്ക് നിലത്തുവീണ് പൊടിഞ്ഞു നാലുപാടും ചിതറി ....

പിന്നെ അവൻ ഉണർന്നു നോക്കുമ്പോൾ ...Hospital ൽ ആണ് ...ചുറ്റും പുഞ്ചിരിയ്ക്കുന്ന നാലഞ്ചു മുഖങ്ങൾ ...മരിയ മോൾ , അവളുടെ അമ്മ , തന്നെ കാറപകടത്തിൽ പെടുത്തിയ ധനികനായ ഭാര്യാപിതാവ്...തന്റെ അമ്മായപ്പൻ ....അപകടത്തിൽ നിന്നും രക്ഷപെടുത്തി ആന്റോയേ .. ആന്റോയാക്കിയ..Sister ബെനീത്ത ... പിന്നെ, കരോൾ ഗ്രൂപ്പ് ചെന്ന വീട്ടിലെ സുന്ദരിയായ യുവതി ... താനന്ന് ബേക്കറിയിൽ നിന്ന് വാങ്ങിയ അതേ കേക്കും കയ്യിൽ പിടിച്ചുകൊണ്ട് സുന്ദരിയായ Nurse ന്റെ വേഷത്തിൽ 'ആണ്ടു ചേട്ടാ , Happy & Merry Christmas ' എന്നു പറഞ്ഞു കൊണ്ട് തന്റെ കുഞ്ഞു പെങ്ങൾ ...അതേ ....ആൻസി മോൾ !!!!

(ആന്റോയുടെ Driving License ഉം അതിലെ മേൽവിലാസവും , അവന്റെ ജനനത്തീയതിയും എല്ലാം ഈ സന്തോഷ പര്യവസാനത്തിന് കൂട്ട് നിന്നു )